(ബി) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്താൻ കുടിശ്ശിക ഉള്ള കണക്ഷനുകൾ വിച്ഛേദിക്കുക, റവന്യൂ റിക്കവറി നടത്തുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുന്ന സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നുണ്ട്. എൽ. റ്റി. കൺസ്യൂമർമാരുടെ കാര്യത്തിൽ കോടതി കേസ്സുകൾ മൂലം തടസ്സപ്പെട്ടിട്ടുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റപ്രാവശ്യം തീർപ്പു കൽപ്പിക്കൽ നടപടികൾ അദാലത്തുകൾ മുഖേന സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി) വൈദ്യുതി ചാർജ് സംബന്ധിച്ചുള്ള തർക്കങ്ങളും പരാതികളും പരിഹരിക്കാൻ 1-10-2002 മുതൽ 31-12-2002 വരെയും, 1-10-2003 മുതൽ 31-12-2003 വരെയും വൈദ്യുതി ബോർഡ് നടത്തിയ അദാലത്തുകളിൽ അവസരം നൽകിയിരുന്നു. ഈ അദാലത്തുകൾ മുമ്പാകെ ലഭിച്ച അപേക്ഷകളിൽ കുടിശ്ശിക, പലിശയിളവുകളോടെ ഒറ്റത്തവണയായോ ആറുതവണകളായോ അടച്ചു തീർക്കുന്നതിന് സൗകര്യം അനുവദിക്കുകയുണ്ടായിട്ടുണ്ട്.

ഡെപ്പോസിറ്റ് വർക്ക് ഊർജ്ജിതമാക്കാൻ നടപടി

8 [884] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ., എം. പി. വികസന ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് ചെയ്യേണ്ട ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ എന്തു തുകയുടെ വർക്ക് ചെയ്തുതീർക്കാൻ ഉണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ലൈൻ നീട്ടൽ, തെരുവുവിളക്ക് സ്ഥാപിക്കൽ തുടങ്ങിയ ജോലികൾക്കുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ജോലികൾ ചെയ്യുന്നതിൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇത്തരം ജോലികൾ ചെയ്യുന്നതിനുള്ള സാധനങ്ങൾ ബന്ധപ്പെട്ടവർ വാങ്ങിത്തരണമെന്ന് ഇപ്പോൾ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഡെപ്പോസിറ്റ് വർക്ക് പഴയപടി തുടരുവാനും ഊർജ്ജിതപ്പെടുത്തുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

ജില്ല	എം.എൽ.എ. ഫണ്ട്	എം. പി. ഫണ്ട്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
തിരുവനന്തപുരം	2.27	..	289.54
കൊല്ലം	11.04	40.44	193.04
പത്തനംതിട്ട	..	6.63	208.80
കോട്ടയം	12.90	..	115.58
എറണാകുളം	2.829	0.99	263.88
ആലപ്പുഴ	..	3.949	95.328
തൃശ്ശൂർ	37.586	4.69	127.879
ഇടുക്കി	..	1.68	262.320
കോഴിക്കോട്	5.450	4.488	458.020
മലപ്പുറം (മഞ്ചേരി)	5.290	75.120	256.167
പാലക്കാട്	24.837	45.213	247.994
വയനാട് (കൽപ്പറ്റ)	..	..	205.318
കണ്ണൂർ	..	..	98.914
കാസർഗോഡ്	..	..	73.909

(ബി) സാധന സാമഗ്രികളുടെ ദൗർലഭ്യം..

(സി) ബോർഡ് ഓർഡർ നമ്പർ (എഫ്.ബി.) 1394/03(സി.ഇ.സി.പി./പി.ആർ. ജെ.സി.റ്റി./എക്സ് 2/എ.പി.ഡി.ആർ.പി./2003-04/84 തീയതി 1-10-2003) പ്രകാരം ഇത്തരം ജോലികൾ ദ്രുതഗതിയിൽ ചെയ്തുതീർക്കുവാൻ ഡെലിഗേഷൻ ഓഫ് പവറിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ഡി) വ്യവസ്ഥയില്ല. തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകാവുന്നതാണ്.

(ഇ) ഡെപ്പോസിറ്റ് വർക്ക് പഴയ രീതിയിൽ തന്നെയാണ് ഉള്ളത്. കാലതാമസം ഒഴിവാക്കുന്നതിന് സാധന സാമഗ്രികൾ കൂടുതലായി ലഭ്യമാക്കുവാൻ നടപടി എടുത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly